## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 190 — 17.02.2016 ൽ മറുപടിക്ക്

**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും**

ചോദ്യം

ശ്രീ.ടി.എൻ. പ്രതാപൻ :
ശ്രീ. പി.എ.മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :

ഉത്തരം

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര കാഴ്ചബംഗ്ലാവുകളും മൃഗശാലകളുമാണുള്ളത്; അവ ഏതൊക്കെ ; | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 6 കാഴ്ചബംഗ്ലാവുകളും തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് മൃഗശാലകളുമാണുള്ളത്. കാഴ്ചബംഗ്ലാവുകൾ താഴെ പറയുന്നവയാണ്.<br>**തിരുവനന്തപുരം**<br>ആർട്ട് ഗ്യാലറി<br>ആർട്ട് മ്യൂസിയം<br>നാച്വറൽ ഹിസ്റ്ററി മ്യൂസിയം<br>**തൃശ്ശൂർ**<br>വിവിധോദ്ദേശ്യ മ്യൂസിയം<br>ആർട്ട് മ്യൂസിയം<br>**കോഴിക്കോട്**<br>ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ എല്ലാതരം പക്ഷി-മൃഗാദികൾ സന്ദർശകർക്കായി ഒരുക്കിയിട്ടുണ്ടോ ; | (ബി) ആന്റ് (സി) | തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലായി 831 സസ്തനികൾ, 338 പക്ഷികൾ, 239 ഉരഗങ്ങൾ എന്നിങ്ങനെ പക്ഷിമൃഗാദികളെ ഒരുക്കിയിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാനിലെ കളക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൃഗശാലയിൽ ഇല്ലാത്തതുമായ പക്ഷിമൃഗാദികളെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ ആയത് പൂർണ്ണതോതിൽ സജ്ജമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | പ്രസ്തുത കാഴ്ചബംഗ്ലാവ് / മൃഗശാല എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുവാൻ ആവശ്യപ്പെടുമോ ? | (ഡി) | ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ അക്വേറിയങ്ങൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ